(ബി) 1994-98 വർഷങ്ങളിൽ 23 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇവരുടെ പേരുവിവരം അനുബന്ധം (എ)† ആയി ചേർത്തിട്ടുണ്ട്. ബാക്കി പേരുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാന പോലീസ് സേനയിലെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിലെ ഡെപ്യൂട്ടി സൂപ്രണ്ടുമാർ, ആംഡ് പോലീസ്/ആംഡ് റിസർവ് വിഭാഗത്തിലെ അസിസ്റ്റന്റു കമാണ്ടന്റുമാർ എന്നീ വിഭാഗത്തിൽപ്പെട്ടവർ അർഹരാണ്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (ബി)† ആയി ചേർത്തിട്ടുണ്ട്.

34 (658) കിഴക്കൻ മേഖലാ ഡി.ഐ.ജി. ഓഫീസ് മാറ്റുന്ന നടപടി.

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഴക്കൻ മേഖലാ ഡി.ഐ.ജി. ഓഫീസ് കോട്ടയത്തുനിന്നും എറണാകുളത്തേയ്ക്ക് മാറ്റുന്നതിനെതിരെ കോട്ടയം ജില്ലാ പോലീസ് ഓഫീസിലേയും കിഴക്കൻ മേഖലാ പോലീസ് ഡി.ഐ.ജി. ഓഫീസിലേയും ജീവനക്കാർ 6.10.1998-ൽ സത്യാഗ്രഹം നടത്തിയോ;

(ബി) എങ്കിൽ ഇവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ഉത്തരവായിട്ടുണ്ടോ;

(സി) സത്യാഗ്രഹത്തിൽ പങ്കെടുത്ത കിഴക്കൻ മേഖലാ ഡി.ഐ.ജി. ഓഫീസിലെ ജീവനക്കാരുടെ അവധി അപേക്ഷ അനുവദിക്കുകയും കോട്ടയം ജില്ലാ പോലീസ് ഓഫീസിലെ ജീവനക്കാരുടെ അപേക്ഷ നിരസിക്കുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 6.10.98-ൽ സത്യാഗ്രഹം നടത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

35 (660) വർക്കല അയിരൂരിൽ പോലീസ് സ്റ്റേഷൻ

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിൽ "അയിരൂർ" കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ ഉണ്ടോ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly